റേഷൻ കാർഡ് പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ

246 (1330) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡ് പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചത് എന്നാണെന്നും പ്രസ്തുത നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ;

(ബി) ഗുണഭോക്താക്കൾക്ക് പുതിയ റേഷൻ കാർഡ് എപ്പോൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലെ റേഷൻകാർഡ് പുതുക്കലിനായുള്ള പ്രീ-പോപ്പുലേറ്റഡ് ഫോമുകൾ 1-1-2015-ന് വിതരണം ആരംഭിച്ചു. സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ നൽകുന്ന പ്രക്രിയ മൂന്നാം ഘട്ടത്തിലാണ്. കാർഡുടമകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തിയതിൽ എന്തെങ്കിലും പിശകുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ, അതത് കാർഡുടമകൾ തിരുത്തി നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഡാറ്റ ശുദ്ധമാക്കുന്ന പ്രക്രിയയാണ് ഇപ്പോൾ നടന്നുവരുന്നത്.

(ബി) മറ്റ് സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ പുതിയ കാർഡുകൾ 31-3-2016-നകം വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

റേഷൻ കള്ളക്കടത്ത്

247 (1331) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കൊല്ലം ജില്ലയിൽ റേഷൻ വിതരണത്തിലെ ക്രമക്കേട്, നിലവിലുള്ള നിയമങ്ങളുടെ ലംഘനം എന്നിവയുടെ അടിസ്ഥാനത്തിൽ എത്ര റേഷൻ വ്യാപാരികൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്, ഇവരിൽ നിന്നും എത്ര രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്, പ്രസ്തുത കാലയളവിൽ എത്രകടകളുടെ ലൈസൻസ് റദ്ദ് ചെയ്തുവോ; വിശദാംശം അറിയിക്കുമോ:

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കാലയളവിൽ ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ വച്ച് റേഷൻ കള്ളക്കടത്തുമായി ബന്ധപ്പെട്ട് എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇതുപ്രകാരം എത്ര കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തു; ഇതുപ്രകാരം ഏതൊക്കെ റേഷൻ സാധനങ്ങൾ എത്ര അളവിൽ കണ്ടെത്തിയിട്ടുണ്ട്; വിശദാംശം അറിയിക്കുമോ;

(സി) കൊല്ലം ജില്ലയിലെ വ്യാപകമായ റേഷൻ കള്ളക്കടത്തുമായി ബന്ധപ്പെട്ട് റേഷൻ വ്യാപാരികൾക്കുള്ള പങ്ക് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര റേഷൻ കടകളുടെ ലൈസൻസ് റദ്ദ് ചെയ്യുവാൻ ഗവൺമെന്റ് തയ്യാറായിട്ടുണ്ട്;

(ഡി) മേൽ സൂചിപ്പിച്ച ക്രമക്കേടുകളിൽ ഉദ്യോഗസ്ഥരുടെ പങ്ക് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ എത്രപേർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നുള്ള വിവരം വെളിവാക്കുമോ?

ഉത്തരം

(എ) 42 ARD-കൾക്കെതിരെയും 2 AWD-കൾക്കെതിരെയും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവരിൽ നിന്നും ഇതുവരെയായി വിവിധ ക്രമക്കേടുകൾക്ക് 1,66,60,896 രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ 40 ARD-കളുടെയും 2 AWD-കളുടെയും അംഗീകാരം താൽക്കാലികമായി സസ്പെന്റ് ചെയ്യുകയും 2 ARD-കളുടെ അംഗീകാരം സ്ഥിരമായി സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) 169 കേസുകൾ. ഇതിൽ 165 കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. കണ്ടെത്തിയ റേഷൻ സാധനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

വർഷം	പുഴുക്കലരി (കി.ഗ്രാം)	പച്ചരി (കി.ഗ്രാം)	ഗോതമ്പ് (കി.ഗ്രാം)	മണ്ണെണ്ണ (ലിറ്ററിൽ)
(1)	(2)	(3)	(4)	(5)
2011	26874	3390	1805	6000
2012	67892	30361	32302	4780
2013	167509	26253	58514	15081

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)
2014	114257	17520	4315	6378
2015	207279	32002	29467	63
ആകെ	583811	109526	126403	32869

(സി) വ്യാപകമായ റേഷൻ കള്ളക്കടത്തുമായി ബന്ധപ്പെട്ട് വ്യാപാരികളുടെ പങ്ക് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉദ്യോഗസ്ഥതല പങ്ക് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പുതിയ റേഷൻ കാർഡ് വിതരണം

248 (1332) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പുതിയ റേഷൻകാർഡ് വിതരണം ആരംഭിച്ചുവോ ; പ്രസ്തുത കാർഡ് വിതരണം എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും നിലവിലുള്ള പുരോഗതിയും, സമയക്രമവും എന്താണെന്നും വ്യക്തമാക്കുമോ ;

(ബി) പുതിയ റേഷൻ കാർഡ് നൽകുമ്പോൾ ഗുണഭോക്താക്കൾ സ്വയം രേഖപ്പെടുത്തിയ വിവരങ്ങൾ വിശ്വാസത്തിലെടുത്ത് കൊണ്ട് ആയത് റേഷൻ കാർഡിൽ ഉൾപ്പെടുത്തുവാനാണോ ഉദ്ദേശിക്കുന്നത് ; എങ്കിൽ ഇതിന്മേൽ ഏതെങ്കിലും ഏജൻസിയെക്കൊണ്ട് അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ;

(സി) റേഷൻ കാർഡിൽ പേര് ഉൾപ്പെടുത്താൻ കഴിയാത്തവർക്ക് പുതിയ റേഷൻ കാർഡ് വിതരണം നടത്തുന്നതിന് മുൻപ് ആയത് ഉൾപ്പെടുത്തുവാൻ അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നിർദ്ദേശം ജില്ലാ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോ : വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. പുതിയ കാർഡുകൾ 31-3-2016-ന് മുമ്പായി വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നിലവിൽ കാർഡുടമകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തുകയും, ടി ഡാറ്റാ എൻട്രിയിലെ തെറ്റുകൾ

LIBRARY ARCHIVES Kerala Legislative Assembly